**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in


നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/2023 തീയതി.30.12.2023

# സർക്കുലർ

**റിസോഴ്സ് പേഴ്സൺമാർക്ക്,**

വിഷയം: സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ കൃത്യനിഷ്ഠയും സ്ഥിരമായ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ ഒഴിവാക്കുന്നതു സംബന്ധിച്ച്

സമയബന്ധിതമായി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ചിട്ടയായതും കൃത്യനിഷ്ഠയോടുമുള്ള പ്രവർത്തനം അത്യന്താപേക്ഷിതമാണ്. ഓരോ ആറുമാസത്തിലൊരിക്കൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് സ്ഥിരമായി പ്രവർത്തിക്കാൻ വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് കഴിയേണ്ടതുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലമായി ഇത്തരത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് യഥാസമയം വേതനം വിതരണം ചെയ്യുന്നതിനും സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ ആറ് മാസക്കാലത്തെ വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തന പുരോഗതി വിലയിരുത്തുമ്പോൾ വലിയൊരു വിഭാഗം വി.ആർ.പിമാർ മതിയായ കാരണങ്ങൾ കൂടാതെ തികച്ചും ഉദാസീനതയോടെയും കൃത്യനിഷ്ഠ ഇല്ലാതെയുമാണ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നത്. കഴിഞ്ഞ ആറ് മാസത്തെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഒരു മാസത്തിൽ വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ശരാശരി പങ്കാളിത്തം വെറും 15 ദിവസത്തിൽ താഴെ മാത്രമാണ്. ഇക്കാര്യം അതീവ ഗൗരവത്തോടെയാണ് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കാണുന്നത്. ഈ സാഹചര്യത്തിൽ കഴിഞ്ഞ ആറ് മാസത്തിൽ ശരാശി 15 ദിവസത്തിൽ താഴെ മാത്രം പ്രവർത്തിച്ചിട്ടുള്ള വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ ഒഴിവാക്കിയും പകരം പുതിയ വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുന്നതിനും എസ്.എ.യു നിർബന്ധിതമാവുകയാണ്. നിലവിലുള്ള വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ കഴിഞ്ഞ ആറ് മാസത്തെ (2023 ജൂലൈ മുതൽ 2023 ഡിസംബർ വരെ) ശരാശരി ഹാജർ വേതനവിതരണത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ശരാശരി 15 ദിവസത്തിൽ കുറവ് ഹാജരുള്ള വി.ആർ.പി മാരുടെ പട്ടിക

ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ തയ്യാറാക്കി ജില്ലാതലത്തിൽ ക്രോഡീകരിച്ച് സോഷ്യൽ ഓഡിറ്റ് യൂണിറ്റിലേക്ക് **2024 ജനുവരി 10-ാം തീയതിയ്ക്കകം** എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എസ്.എ.യു അനുമതിയോടെ ലീവിൽ പ്രവേശിച്ചിട്ടുള്ള (പ്രസവാവധി ഉൾപ്പെടെ) വരുടെ വിവരങ്ങൾ റിമാർക്സ് കോളത്തിൽ വ്യക്തമായി രേഖപ്പെടുത്തി നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ

കോപ്പി:
1. എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും
3. എല്ലാ വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കും (ബി.ആർ.പിമാർ മുഖാന്തിരം)
4. അക്കൗണ്ടസ് വിഭാഗം
5. ഫയൽ/സ്റ്റോക്ക് ഫയൽ

## സോഷ്യൽ ഓഡിറ്റ് കേരളം

**സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനം വിലയിരുത്തി ചിട്ടയായി പ്രവർത്തിക്കാത്തവരെ കണ്ടെത്തുന്നതിനുള്ള പ്രൊഫോർമ.**

ജില്ലയുടെ പേര്............................................

| ക്രമ നമ്പർ | ബ്ലോക്കിന്റെ പേര് | കഴിഞ്ഞ ആറ് മാസത്തിൽ ശരാശരി 15 ദിവസത്തിൽ കുറവ് ഹാജർ ഉള്ള വി.ആർ.പി മാരുടെ പേര് | റിമാർക്സ് [നിയമാനുസൃത മായി അപേക്ഷ നൽകി അവധിയിൽ പ്രവേശിച്ചവർ ആണെങ്കിൽ (എന്നുമുതൽ എന്നുവരെ) ആ വിവരം രേഖപ്പെടുത്തുക] |
|---|---|---|---|
| 1 | | | |
| 2 | | | |
| 3 | | | |
| 4 | | | |
| 5 | | | |
| 6 | | | |
| 7 | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

ബ്ലോക്ക് റിസോഴ്സ് പേഴ്സൺ

ഒപ്പ്:

പേര്:

ജില്ലാറിസോഴ്സ് പേഴ്സൺ

ഒപ്പ്:

പേര്: